നം.എച്ച്2/35637/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 17.06.2014

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ/മാഡം,

വിഷയം :- പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 സംബന്ധിച്ച്.

സൂചന :-

പുതിയ അധ്യയന വർഷം ആരംഭിച്ചുകഴിഞ്ഞു. ഈ വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ കാണുന്ന പുരോഗതി ശുഭ സൂചകമാണ്. പ്രശ്ന രഹിതവും തിളക്കമാർന്നതുമായ ഒരധ്യയനവർഷം ഹൃദയപൂർവം ആശംസിക്കുന്നു.

2014-15 വർഷത്തെ തസ്തിക നിർണയത്തെ സംബന്ധിച്ചാണ് ഈ കത്ത്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2014-15 വർഷത്തെ തസ്തിക നിർണയം സമയബന്ധിതമായി പൂർത്തിയാക്കി വിവരങ്ങൾ ശരിയായി റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും സവിശേഷ ശ്രദ്ധ പതിപ്പിക്കണമെന്ന് അറിയിക്കുന്നു. ഇതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1. തസ്തിക നിർണയത്തിനുള്ള പൂർണമായ പ്രൊപ്പോസൽ 19/06/2014 നുമുമ്പ് പ്രഥമാധ്യാപകരിൽ/മാനേജർമാരിൽ നിന്ന് ശേഖരിക്കുക.

2. തസ്തിക നിർണയത്തിനുള്ള മാർഗനിർദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് രണ്ടു ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കപ്പെടും. ഇത് ലഭിച്ചാൽ രണ്ടാഴ്ചക്കുള്ളിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും തസ്തിക നിർണയ ഉത്തരവുകൾ കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാൻ നമുക്ക് കഴിയണം.

3. തസ്തിക നിർണയം സംബന്ധിച്ച് ഡയറക്ടറേറ്റിലേക്ക് നൽകുന്ന കണക്കുകളും വിവരങ്ങളും കൃത്യമായിരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം

ശ്രദ്ധിക്കണം. 2013-14 ലെ കണക്കുകളിൽ ഗുരുതരമായ വീഴ്ചകളാണ് സംഭവിച്ചത്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആദ്യം ക്രോഡീകരിച്ചുനൽകിയ കണക്കുകളും എ.ഇ.ഒ/ഡി.ഇ.ഒ മാരിൽനിന്ന് ഓൺലൈൻ വഴി ശേഖരിച്ച കണക്കുകളും തമ്മിൽ വലിയ വ്യത്യാസമാണ് കണ്ടത്. ഇത്തവണ അതുണ്ടായാൽ വ്യക്തിപരമായി വിശദീകരിക്കേണ്ടിവരും എന്ന കാര്യം പ്രത്യേകം ശ്രദ്ധയിൽ വയ്ക്കുക.

4. നിശ്ചിത തീയതിക്കുള്ളിൽ തസ്തിക നിർണയം പൂർത്തിയാക്കുന്ന കാര്യത്തിൽ ഇത്തവണ യാതൊരു തരത്തിലുള്ള വീഴ്ചകളും ഉണ്ടാകരുത്. 2013-14 ലെ തസ്തിക നിർണയം നടത്തിയപ്പോൾ അവസാന നാളുകളിൽ തിരക്കുപിടിച്ചാണ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഇത്തവണ അതുണ്ടാകരുത്. നമ്മുടെ ഓഫീസുകൾ എണ്ണയിട്ട യന്ത്രംപോലെ ഇന്നുമുതൽ പ്രവർത്തിച്ചാൽ സമയ ബന്ധിതമായിത്തന്നെ 2014-15 വർഷത്തെ തസ്തിക നിർണയം പൂർത്തിയാക്കാൻ നമുക്ക് കഴിയും. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇക്കാര്യം ഉറപ്പുവരുത്തണം.

പ്രാരംഭ പ്രവർത്തനങ്ങൾ 19/06/2014 നുതന്നെ പൂർത്തിയാക്കണമെന്ന് ഒരിക്കൽ കൂടി അറിയിച്ചുകൊണ്ട്,

വിശ്വാസപൂർവം,

കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ